**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായുള്ള സുരക്ഷാപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അപകടം നിറഞ്ഞ സാഹചര്യത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യതൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരി ക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40,000 ലൈഫ് ജാക്കറ്റുകൾ  സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.  കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.  ഇതിനകം 719 പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഇത്തരത്തിൽ വിജയകരമായി പരിശീലനം പൂർത്തി യാക്കിയ മത്സ്യത്തൊഴിലാളികളിൽ നിന്നും 180 ഓളം പേരെ റെസ്ക്യൂ സ്ക്വാഡ് തസ്തികയിൽ ദിവസവേതനാടിസ്ഥാ നത്തിൽ ഫിഷറീസ് വകുപ്പിൽ വിവിധ ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് ഡി.എ.റ്റി, ജി.പി.എസ്, 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) , വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സർക്കാർ സബ്സിഡി യോടെ നൽകുന്ന പദ്ധതി നടപ്പിലാക്കി.  അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് |

പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവ്വീസ് (INCOIS) വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യ ത്തൊഴിലാളികൾക്ക് എത്തി എന്നു ഉറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ച് വരുന്നു.

2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ് കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ് കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 609 മൗണ്ടിംഗ് ജി.പി.എസ് കൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി യാനങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യ ത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യ ബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ

| | | | |
|---|---|---|---|
| | | | പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം വിവരങ്ങൾ കൈമാറുവാൻ നാവിക് അധിഷ്ഠിത സാറ്റലൈറ്റ് ഫോൺ സംവിധാനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തല ത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്ത് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ ഉൾപെടുത്തി 941 നാവിക് ഉപകരണങ്ങൾ ഗുണഭോക്താ ക്കൾക്ക് വിതരണം ചെയ്തു. ഒരു വശത്തേയ്ക്കുള്ള (one way) ആശയവിനിമയം (Text message) മാത്രം സാദ്ധ്യമായ ഉപകരണം വാങ്ങുവാൻ ഗുണഭോക്താക്കൾ വിമുഖത കാണിക്കുന്നതിനാൽ കൂടുതൽ ഉപകരണങ്ങൾ നൽകിയില്ല. |
| (സി) | മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ സേവനം എവിടെയെല്ലാം ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ രക്ഷാ പ്രവർത്തനത്തിനായി മറൈൻ ആംബുലൻ സുകൾ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷാ പ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യവുമായിട്ടാണ് മറൈൻ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ